**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 878** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ സ്റ്റൈപെന്റ് വിതരണത്തിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്/സ്റ്റൈപെന്റ് വിതരണം ചെയ്യുന്നതിൽ നിലവിൽ ഉണ്ടായിരുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (എ) | പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്തു വരുന്നുണ്ട്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസം, സ്ഥാപന മേധാവികൾ അപേക്ഷകൾ അപ്പ്രൂവലിനായി ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലേക്ക് അയക്കുന്നതിലെ കാലതാമസം, എന്നിവയല്ലാതെ മറ്റ് കാരണങ്ങൾ മൂലം പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് വിതരണത്തിൽ കാലതാമസം നേരിടുന്നില്ല.<br><br>പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടും ആധാറും തമ്മിൽ ബന്ധിപ്പിക്കാത്തതിനാലും മറ്റ് ടെക്നിക്കൽ പ്രശ്നങ്ങൾ കാരണവും വിദ്യാർത്ഥികൾക്ക് ലഭിക്കാതിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ആയത് പരിഹരിച്ച് സമയ ബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ